(ബി) പശ്ചാത്തല വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇത്തരം പദ്ധതികൾ ഒരു ശീർഷകത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇതിൻപ്രകാരം ടി ശീർഷകത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പുരോഗതിക്കനുസരിച്ച് ഫണ്ട് ലഭ്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നു.

(സി) 2013-14, 2014-15, 2015-16 എന്നീ വാർഷികപദ്ധതികളിൽ യഥാക്രമം 846.03 കോടി, 1225.00 കോടി, 2000.00 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും മൊത്തം ചെലവുകൾ എത്ര ശതമാനമെന്നും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പുതിയ രീതി വിജയകരമാണെന്ന് വിലയിരുത്തപ്പെടുന്നു. ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ

51 (4086) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷം കോഴിക്കോട് ജില്ലയിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ഏതെല്ലാം ; ഇവ നിയമസഭാ മണ്ഡലം തിരിച്ച് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രോജക്ടിനും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പും തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2015-16 വർഷം നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാക്രമ ലിസ്റ്റ് തയ്യാറായിട്ടില്ല. പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ നബാർഡ് പദ്ധതികൾ

52 (4087) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly